# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*111    04.12.2014 ൽ മറുപടിക്ക്**

# സ്പീഡ് കേരള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ പി അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ<br>,, എം എ വാഹിദ്<br>,, വി ഡി സതീഷൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ? | എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് ഗണ്യമായ പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുകയാണ് സ്പീഡ് കേരള പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി മിഷൻ 676ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ: | ബി) സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 പദ്ധതികൾ മിഷൻ 676ൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ വിശദ വിവരം **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 10 പദ്ധതികൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു. ഇതിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു. |
| സി ഏതെല്ലാംതരം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യവികസനവും നടത്താനാണ് പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) മേൽപ്പാലങ്ങൾ, ബൈപ്പാസുകൾ, റിംഗ് റോഡുകൾ എന്നിവ നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. |
| ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിരത്തു വിഭാഗം, ദേശീയപാത വിഭാഗം , റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് |

കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരള റോഡ് ഫണ്ട് ബോർഡ് എന്നീ ഏജൻസികളെയാണ് സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. കേരള റോഡ് ഫണ്ട് ബോർഡിനെയാണ് ഈ പ്രോജക്ടുകൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി നിയോഗിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം I

(1) എറണാകുളത്ത് ഇടപ്പള്ളി അരൂർ ദേശീയപാത ബൈപ്പാസിൽ പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ ജംഗ്ഷനുകളിലും കളമശ്ശേരി അപ്പോളോ ജംഗ്ഷനിലും കൂടി മേൽപ്പാലം നിർമ്മിക്കുക.

(2) കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് 4 വരിയായി വികസിപ്പിക്കുക

(3) കൊല്ലം ബൈപ്പാസ്

(4) ആലപ്പുഴ ബൈപ്പാസ്

(5) കഞ്ഞിക്കുഴി - വെട്ടത്തുകവല-കറുകച്ചാൽ റോഡ് പുനരുദ്ധാരണം

(6) ചോഴിയക്കാട് -പരുത്തുംപാറ - എഫ്.സി.ഐ.- പാക്കിൽ - മുളക്കുഴ- ഗ്രാമൺചിറ - തിരുവാതുക്കൽ - ഇല്ലിക്കൽ ജംഗ്ഷൻ റോഡ്

(7) പത്തനംതിട്ട നഗരത്തിലെ ഔട്ടർ റിംഗ് റോഡ്

(8) തൃപ്പൂണിത്തുറ ബൈപ്പാസ്

(9) എൻ.എച്ച് 47 നുമായി ബന്ധിപ്പിക്കുന്ന മണ്ണുത്തി - അമല നഗർ ബൈപ്പാസ് റോഡിന്റെയും തൃശ്ശൂർ - കുറ്റിപ്പുറം റോഡിന്റെയും പുനരുദ്ധാരണം

(10) ഇടുക്കിയിൽ നിന്നും തൊടുപുഴയിലേക്കുള്ള തൊടുപുഴ-കാളിയാർ വണ്ണപ്പുറം- ചേലച്ചുവട് -ഇടുക്കി സമാന്തര പാത.

(11) സുൽത്താൻപേട്ട ജംഗ്ഷൻ-പാലക്കാട് നഗരം

(12) മഞ്ചേരി റിംഗ് റോഡ്

(13) കോഴിക്കോട് ബൈപ്പാസ്

(14) മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ് 4 വരിയായി വികസിപ്പിക്കുക

(15) തലശ്ശേരി-മാഹി-വളപട്ടണം ബൈപ്പാസ്

(16) താമരശ്ശേരി ചുരം ബദൽ റോഡ് (ചിപ്പിലിത്തോട് - മരുതിലാവ് - താളിപ്പുഴ റോഡ്)

(17) ചൗക്കി-ഇയാത്തടുക്ക-വിദ്യാനഗർ ബൈപ്പാസ് റോഡ്

(18) ദേശീയപാത 212 - ബത്തേരി-മൈസൂർ എലിവേറ്റഡ് ഹൈവേ (വനഭൂമി) സാദ്ധ്യതാ പഠനം

(19) എടപ്പാൾ ഫ്ളൈഓവർ

(20) പാലാ റിവർവ്യൂ റോഡ് കളരിയാമ്മക്കൽ മുതൽ സാന്തോം കോംപ്ലക്സ് വരെ അഭിവൃദ്ധിപ്പെടുത്തൽ.

(21) രാമപുരം നാലമ്പലം ദർശനം റോഡുകൾ ബി.എം & ബി.സി

(22) കാസറഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം കടുക്കറ വരെയുള്ള ഹിൽ ഹൈവേയുടെ പൂർത്തീകരണം

(23) പുല്ലേപ്പടി തമ്മനം 2nd റീച്ച് ചക്കരപ്പറമ്പ് മുതൽ സീപോർട്ട് എയർപോർട്ട് റോഡ് വരെ

Deputy S.O

അനുബന്ധം 2

| Sl No. | Name of Project | Project Cost (Rs.inCr) | Implementing Agency |
|---|---|---|---|
| 1 | Construction of Palarivattom Fly over on NH Bypass | 72.6 | RBDCK |
| 2 | Construction of Fly over at Vyttila Junction on NH 47 Bypass | 109.00 | PWD (NH) |
| 3. | Construction of Fly over at Kundannoor Junction on NH 47bypass) | 80.2 | PWD (NH) |
| 4 | Construction of Kollam Bypass (50% contribution by GoI) | 267.16 | PWD (NH) |
| 5 | Construction of Alappuzha Bypass (50% contribution by GoI) | 255.75 | PWD (NH) |
| 6 | Construction of Kozhikode Bypass | 145.5 | PWD (NH) |
| 7 | Construction of Fly over at Edappal Junction in Malappuram District | 21 | KSCC |
| 8 | Improvements and Heavy Maintenance to Ramapuram, Nalambalam Darsanam Road | 67 | KSCC |
| 9 | Upgradation of Kanjikuzhi, Vettathukavala - Karukachal Road | 67.26 | KSCC |
| 10 | Construction of 4 lane highway connecting NH bypass at Chakkarapparambu Junction to Info Park Junction on Airport Seaport Road | 412.82 (including cost of land acquisition) | KSCC |
| | Total | 1498.29 | |

# അനുബന്ധം 3

1. ദേശീയപാത ബൈപ്പാസിൽ പാലാരിവട്ടം ജംഗ്ഷനിലെ മേൽപ്പാലത്തിന്റെ നിർമ്മാണം- ദേശീയപാതയുടെ കീഴിൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

2. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം - ദേശീയപാതയുടെ കീഴിൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

3. രാമപുരം - നാലമ്പലം-ദർശനം റോഡിന്റെ ബി എം & ബി സി - കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ ചുമതല. ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

4. കഞ്ഞിക്കുഴി-വെട്ടത്തുകവല- കറുകച്ചൽ റോഡിന്റെ പുനരുദ്ധാരണം - കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ ചുമതല. ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

5. തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം - 18 കിമീ ദൂരം വരുന്ന തലശ്ശേരി മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കിമീ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 12 കി മീ ദൂരം രണ്ടു വരി പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ stand alone project ആയി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ജനുവരി മുതൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ